**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - തിരൂർ നഗരസഭാ ബസ് സ്റ്റാന്റ് , കംഫർട്ട് സ്റ്റേഷൻ & ക്ലോക്ക് റൂം - ഫീസ് പിരിവ് - ലൈസൻസിയ്ക്ക് കിസ്തിളവ് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.889/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 27/03/2017.

---

പരാമർശം: 1. തിരൂർ നഗര സഭയുടെ 30.09.2015 ലെ 16-ാം നമ്പർ തീരുമാനം

2. നഗരകാര്യ ഡയറക്ടറുടെ 15 /12 /2015 ലെ നം.ജി 1 -26646 /15 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭാ ബസ് സ്റ്റാൻഡ് നവീകരിക്കുന്നതിന്റെ ഭാഗമായി ബസ് സ്റ്റാൻഡും അതിൽ ഉൾപ്പെട്ട കംഫർട്ട് സ്റ്റേഷൻ കം ക്ലോക്ക് റൂമും അടച്ചിട്ടിരുന്ന കാലയളവിന് ആനുപാതികമായി കിസ്തിളവ് നല്കണമെന്നുള്ള ലൈസൻസിയുടെ അപേക്ഷ പരിഗണിച്ച് ഇത് അനുവദിക്കാൻ പരാമർശം ഒന്ന് പ്രകാരം തിരൂർ നഗരസഭാ തീരുമാനം എടുത്തിട്ടുള്ളതും ആയതിനു അനുമതിക്കായി നഗരകാര്യ ഡയറക്ടർ പരാമർശം രണ്ട് പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരൂർ നഗരസഭാ ബസ് സ്റ്റാൻഡ് നവീകരിക്കുന്നതിന്റെ ഭാഗമായി ബസ് സ്റ്റാൻഡും അതിൽ ഉൾപ്പെട്ട കംഫർട്ട് സ്റ്റേഷൻ കം ക്ലോക്ക് റൂമും അടച്ചിട്ടിരുന്ന 26.06.2015 മുതൽ 28.08.2015 വരെയുള്ള കാലയളവിന് ആനുപാതികമായി ബസ് സ്റ്റാൻഡ് ഫീസിനത്തിൽ 2; 27, 132/-രൂപയും (രണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) കംഫർട്ട് സ്റ്റേഷൻ കം ക്ലോക്ക് റൂമിന്റെ ഫീസിനത്തിൽ 75,900/-രൂപയും (എഴുപത്തി അയ്യായിരത്തി തൊള്ളായിരം രൂപ മാത്രം) ലൈസെൻസിക്ക് കിസ്തിളവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തിരൂർ നഗരസഭ, മലപ്പുറം ജില്ല.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ